പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6006 | 28.10.2011-ൽ മറുപടിയ്ക്ക്

## എൽ. ഡി. ക്ലാർക്ക് - അടിസ്ഥാന യോഗ്യത

| ചോദ്യം<br>ശ്രീ. കെ. രാജു | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
|---|---|
| (എ) എൽ.ഡി. ക്ലാർക്ക് പരീക്ഷയ്ക്കപേക്ഷിക്കുവാനുള്ള അടിസ്ഥാന യോഗ്യത പ്ലസ്-ടുവാക്കി ഉയർത്തിക്കൊണ്ടുള്ള തീരുമാനം നടപ്പിലാക്കുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) ലാസ്റ്റ് ഗ്രേഡ് തസ്തികയുൾപ്പെടെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, എൽ.ഡി.ക്ലാർക്ക് തുടങ്ങിയ തസ്തികകളുടെ യോഗ്യതകളിൽ ഭേദഗതി വരുത്തികൊണ്ട് 01.07.2011 - ലെ ജി.ഒ. (എം.എസ്) നം. 21/2011/ഉ.ഭ.പ.വ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻപ്രകാരം എൽ.ഡി.ക്ലാർക്ക് തസ്തികയുടെ യോഗ്യത +2 ആയി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. 01.07.2011 -ന് ശേഷമുള്ള പി.എസ്.സി. വിജ്ഞാപനങ്ങൾക്കാണ് ഈ ഭേദഗതി ബാധകമാക്കിയിട്ടുള്ളത്. |
| (ബി) ഇത് എസ്. എസ്. എൽ. സി പാസായ സാധാരണ തൊഴിൽരഹിതരുടെ ജോലി സാധ്യത ഇല്ലാതാക്കുന്നു എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) എൽ. ഡി. ക്ലാർക്ക് തസ്തികയുടെ യോഗ്യത ഉയർത്തിയതുമൂലം തൊഴിൽ രഹിതരുടെ ജോലി സാദ്ധ്യത ഇല്ലാതാകുമെന്ന് സർക്കാർ കരുതുന്നില്ല. |
| (സി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ബിരുദത്തിന് ആർട്ട്സ് വിഷയങ്ങൾക്ക് 45% ഉം സയൻസ് വിഷയങ്ങൾക്ക് 50 % ഉം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയുമായി പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തിരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) 01.07.2011 - ലെ ജി.ഒ. (എം.എസ്) നം. 21/2011/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ബിരുദത്തിന് ആർട്സ് വിഷയങ്ങൾക്ക് 45 % മാർക്കും, സയൻസ് വിഷയങ്ങൾക്ക് 50 % മാർക്കും, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയുമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ